# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.97/PR/PIC/PHQ/17 Date : 14.05.2017

## പ്രധാന ചെക്ക് പോസ്റ്റുകൾക്ക് 24 മണിക്കൂറും പോലീസ് സാന്നിധ്യം ഉറപ്പാക്കാൻ നിർദ്ദേശം

വാളയാർ, കമ്പംമേട്, മഞ്ചേശ്വരം തുടങ്ങി സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകൾക്കും 24 മണിക്കൂറും പോലീസ് സാന്നിധ്യം ഉറപ്പാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ഡോ.ടി.പി. സെൻകുമാർ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. വാളയാർ, കമ്പംമേട് തുടങ്ങിയ ചെക്ക് പോസ്റ്റുകളിൽ ഗുണ്ടകളുടേയും സാമൂഹിക വിരുദ്ധരുടേയും ഇടപെടൽ കാരണം വിൽപന നികുതി ഉദ്യോഗസ്ഥർക്ക് പരിശോധനക്ക് പലവിധ ബുദ്ധിമുട്ടുകളും നേരിടുന്നുവെന്നും, ഇത് തടയാൻ നടപടി സ്വീകരിക്കണമെന്നും ധനകാര്യവകുപ്പു മന്ത്രി ഡോ. ടി.എം. തോമസ് ഐസക് സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഈ നിർദ്ദേശം നൽകിയത്. വാളയാർ പോലെ പല ചെക്ക് പോസ്റ്റുകളിലും റോഡുകളുടെ മീഡിയനുകൾ ഗുണ്ടകൾ കൈവശപ്പെടുത്തി വിശ്രമസങ്കേതങ്ങളാക്കുന്നത് തടയണം. ഗുണ്ടകൾ വിൽപന നികുതി ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്നതും മറ്റു തരത്തിലുള്ള അതിക്രമങ്ങളും ചെക്ക് പോസ്റ്റുകളിൽ നിയമിക്കപ്പെടുന്ന പോലീസ് ടീമംഗങ്ങൾ കർശനമായി തടയണം. മീഡയനുകളിലെ കൈയ്യേറ്റങ്ങളും മറ്റും നാഷണൽ ഹൈവേ അധികൃതരുടെ സഹായത്തോടെ നീക്കം ചെയ്യണം. ചെക്ക് പോസ്റ്റുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സർക്കിൾ ഇൻസ്പെക്ടർ അടുത്ത രണ്ടു മാസത്തേക്ക് കുറഞ്ഞത് രണ്ടുദിവസത്തിലൊരിക്കൽ ചെക്ക് പോസ്റ്റുകൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം സുഗമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

തിരുവനന്തപുരം ജില്ലയിൽ വെമ്പായത്ത് വിൽപന നികുതി ഉദ്യോഗസ്ഥന്റെ വാഹനം ആക്രമിച്ച കേസിൽ അന്വേഷണം മന്ദഗതിയാലാണെന്നും ഇത് ഊർജ്ജിതപ്പെടുത്തി പ്രതികളെ വേഗം പിടികൂടണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

ഇക്കാര്യങ്ങളിൽ കൈക്കൊണ്ട നടപടികളും അവയുടെ ഫലവും അഞ്ചുദിവസത്തിനുള്ളിൽ അറിയിക്കമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

****